പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2745 27.01.2014 -ൽ മറുപടിക്ക്.

## മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെ പ്രവർത്തനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ | | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;<br><br>(ബി) ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ? | (എ)<br>&<br>(ബി) | ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം പുന:സംഘടിപ്പിക്കപ്പെട്ട മിനിമം വേതന ഉപദേശക സമിതി 08.06.2012 ലെ ജി.ഒ (പി) 83/12 പ്രകാരമാണ് നിലവിൽ വന്നത്. പ്രസ്തുത ബോർഡ് 21 പ്രാവശ്യം യോഗം ചേർന്ന് വേണ്ട തെളിവെടുപ്പുകൾ നടത്തി ഓട്, ബ്രുവറീസ് ഓയിൽ പാം, സ്വകാര്യ ആശുപത്രികൾ, എന്നീ മേഖലകളിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി സർക്കാർ ഉത്തരവായിട്ടുണ്ട്.<br>കൂടാതെ മിനിമം വേതന നിയമത്തിലെ ഷെഡ്യൂൾഡ് എംപ്ലോയ്മെന്റിൽ ഉൾപ്പെടുത്തിക്കൊണ്ട് പുതുതായി ഫുട്വെയർ മാനുഫാക്ച്ചറിംഗ്, പേപ്പർ ഇൻഡസ്ട്രി, ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ്, ഫോട്ടോഗ്രാഫി ആൻറ് വീഡിയോഗ്രാഫി, മിഡ്ഡേ മീൽ സ്കീം ഇൻ സ്കൂൾസ് എന്നീ 5 തൊഴിൽ മേഖലകളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് ബോർഡിനെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പം മിനിമം വേതനം നിശ്ചയിച്ചിട്ട് 5 വർഷം കഴിഞ്ഞ 16 തൊഴിൽ മേഖലകളിലെയും തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ.